# CAREER Updates

# പത്രവൃത്താന്തം

**19.08.2024 (തിങ്കൾ)**




⇨ ഇന്റർനാഷണൽ സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസത്തിന്റെ 2024-ലെ ഉത്തരവാദിത്ത ടൂറിസം പുരസ്കാരം നേടിയത്

✔ ബേപ്പൂർ ഉത്തരവാദിത്ത ടൂറിസം പദ്ധതി

- എംപ്ലോയിംഗ് ആന്റ് അപ്സ്കില്ലിംഗ് ലോക്കൽ കമ്മ്യൂണിറ്റി വിഭാഗത്തിലാണ് ബേപ്പൂർ ടൂറിസം പദ്ധതി പുരസ്കാരം സ്വന്തമാക്കിയത്. കേരള ടൂറിസം വകുപ്പിന്റെ ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയിലൂടെയാണ് ബേപ്പൂർ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കപ്പെടുന്നത്.
- തുടർച്ചയായി മൂന്നാം വർഷമാണ് കേരള റെസ്പോൺസിബിൾ ടൂറിസം പദ്ധതിയ്ക്ക് സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസത്തിന്റെ പുരസ്കാരം ലഭിക്കുന്നത്.

⇨ 2024 ആഗസ്റ്റിൽ പുറത്തുവന്ന ലോക ഗുസ്തി റാങ്കിംഗിൽ 57 കിലോഗ്രാം വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടിയ ഇന്ത്യൻ പുരുഷ താരം

✔ അമൻ ഷെരാവത്

- 2024-ലെ പാരീസ് ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയതോടെയാണ് അമൻ ഷെരാവത് രണ്ടാം റാങ്കിലേക്കുയർന്നത്.

⇨ 2024 ആഗസ്റ്റിൽ തായ്‌ലന്റിന്റെ പ്രധാനമന്ത്രിയായി സ്ഥാനമേറ്റ വനിത

✔ പെയ്തോങ്താൻ ഷിനാവത്ര

- തായ്‌ലന്റിലെ ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രിയാണ് പെയ്തോങ്താൻ ഷിനാവത്ര.

⇨ 2024 ആഗസ്റ്റിൽ പദവിയിലിരിക്കെ മരണപ്പെട്ട ഇന്ത്യൻ കോസ്റ്റ്ഗാർഡ് ഡയറക്ടർ ജനറൽ

✔ രാകേഷ് പാൽ

⇨ 2024 ആഗസ്റ്റിൽ അന്തരിച്ച ഫ്രഞ്ച് ചലച്ചിത്ര നടൻ

✔ അലൻ ഡെലൻ

- 2019-ൽ കാൻ ചലച്ചിത്രോത്സവത്തിൽ ആജീവനാന്ത നേട്ടത്തിനുള്ള ഓണററി പാംദോർ നൽകി ആദരിക്കപ്പെട്ട താരമാണ് അലൻ ഡെലൻ.

⇨ 2027-ൽ നടക്കാനിരിക്കുന്ന ടെസ്റ്റ് ക്രിക്കറ്റിന്റെ 150-ാം വാർഷികത്തോടനു ബന്ധിച്ചുള്ള പ്രദർശന മത്സരത്തിന് വേദിയായി തിരഞ്ഞെടുക്കപ്പെട്ടത്

✔ മെൽബൺ, ആസ്ട്രേലിയ

- ആസ്ട്രേലിയ, ഇംഗ്ലണ്ട് എന്നീ ടീമുകളാണ് 150-ാം വാർഷികത്തോടനു ബന്ധിച്ചുള്ള പ്രദർശന മത്സരത്തിൽ ഏറ്റുമുട്ടുക. 1877-ൽ മെൽബണിൽ നടന്ന ആദ്യ ടെസ്റ്റ് മത്സരത്തിൽ ആസ്ട്രേലിയയും ഇംഗ്ലണ്ടും ഏറ്റുമുട്ടിയതിന്റെ ഓർമ്മയ്ക്കായാണിത്.

⇨ കേരളത്തിലെ കുടുംബശ്രീ പദ്ധതിയുടെ മാതൃകയിൽ സ്ത്രീശക്തി പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ഇന്ത്യൻ സംസ്ഥാനം

✔ കർണാടക

CAREER GUIDANCE BUREAU

**കരിയർ ഗൈഡൻസ് ബ്യൂറോ**
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999